"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-പ്ലാനിംഗ് വിഭാഗം-ജീവനക്കാര്യം-ചീഫ് ടൗൺ പ്ലാനർ, അഡീഷണൽ ചീഫ് ടൗൺ പ്ലാനർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിക്കൊണ്ടുള്ള ഉത്തരവ് ഭേദഗതിചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1948/2024/LSGD തീയതി,തിരുവനന്തപുരം, 16-10-2024

---

പരാമർശം:-
1. സ.ഉ(അച്ചടി) 57/2023/ധന തീയതി 13.06.2023
2. സ.ഉ(സാധാ) നം. 913/2024/തസ്വഭവ തീയതി 25.05.2024
3. അക്കൗണ്ടന്റ് ജനറലിന്റെ 25.6.2024 തീയതിയിലെ GE19/TP/GL/2024-25 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ. പ്രമോദ് കുമാർ സി.പി, CTP-ക്കും , ശ്രീ.പ്രശാന്ത്.എച്ച്, CTP (പ്ലാനിംഗ്)-നും എൽ.പി.ആർ. അനുവദിച്ച് ഉത്തരവായിരുന്നതിനാൽ പ്രസ്തുത തസ്തികകളിലേയ്ക്ക് അടിയന്തിരമായി നിയമനം നടത്തേണ്ട സാഹചര്യവും, ACTP തസ്തികയിലേയ്ക്കുള്ള 2024 - ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ.എസ്.അജയ് കുമാർ, സീനിയർ ടൗൺ പ്ലാനർ ( പ്ലാനിംഗ്) 31.05.2024-ൽ സർവ്വീസിൽനിന്ന് വിരമിക്കുന്ന സാഹചര്യവും കണക്കിലെടുത്ത് പരാമർശം (2) പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മൂന്ന് മാസത്തിൽ താഴെയുള്ള L P R വേക്കൻസിയിൽ നൽകിയ പ്രമോഷൻ റദ്ദാക്കുവാനും, അധികമായി വേതനം നൽകിയിട്ടുണ്ടെങ്കിൽ തിരിച്ചു പിടിക്കാനും അക്കൗണ്ടന്റ് ജനറൽ പരാമർശം (3) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (1) ലെ ഉത്തരവ്, പരാമർശം (3) ലെ അക്കൗണ്ടന്റ് ജനറലിന്റെ കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പുന:പരിശോധിച്ചു. പ്ലാനിംഗ് വിഭാഗത്തിൽ 3 CTP തസ്തികകൾ ഉള്ളതിൽ 2 എണ്ണത്തിലാണ് LPR വേക്കൻസി നിലവിൽവന്നിരുന്നത്. ടി വേക്കൻസികളിൽ ശ്രീ.പ്രശാന്ത്.എച്ച് -ന്

02.05.2024 മുതൽ 31.05.2024 തീയതി വരെ LPR അനുവദിച്ച ഒഴിവിലേയ്ക്ക് മാത്രമാണ് മൂന്ന് മാസത്തിൽ താഴെയുള്ള LPR വേക്കൻസിയിൽ പ്രമോഷൻ നൽകിയിരുന്നത്. പ്രസ്തുത LPR വേക്കൻസിയിൽ പ്രമോഷൻ നൽകിയിരുന്ന സീനിയർ ടൗൺ പ്ലാനർ ശ്രീ. കെ.വി. അബ്ദുൾ മാലിക്കിന്റെ സ്ഥാനക്കയറ്റം ശ്രീ.പ്രശാന്ത് എച്ച് വിരമിച്ച ഒഴിവ് നിലവിൽ വന്ന 01.06.2024 തീയതി പ്രബല്യത്തിൽ പുന:ക്രമീകരിച്ചുകൊണ്ടും, പരാമർ ശം (2) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ചീഫ് ടൗൺ പ്ലാനർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ശ്രീ. എസ്. അജയകുമാറിന്റെ സ്ഥാനക്കയറ്റം റദ്ദ് ചെയ്തു കൊണ്ടും ഉത്തരവാകുന്നു.

മേൽ ഭേദഗതിയോടെ മാത്രം പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്( തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർ.ഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 16-10-2024 15:23:27